**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5470** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് ആരോഗ്യ മേഖലയിലുണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. വിശദാംശം ആനുബന്ധം I ആയി ചേർ ക്കുന്നു. |
| (ബി) | ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും കടലാസ് രഹിതമായി പ്രവർത്തിക്കുന്ന ആശുപത്രികൾ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) | ഉണ്ട്. കടലാസ് രഹിതമായി പ്രവർത്തിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ആനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ; | (സി) | സർക്കാർ ആശുപത്രികളുടെ ചികിത്സ സംവിധാനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ പിൻബല ത്തിലൂടെ മെച്ചപ്പെട്ടതാക്കുന്നതിനുള്ള തീവ്ര ശ്രമങ്ങളാണ് ഇ ഹെൽത്ത് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനൊപ്പം സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ഡി) | സംസ്ഥാനത്തെ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ; | (ഡി) | വിശദാംശം ആനുബന്ധം III ആയി ചേർക്കുന്നു. |
| (ഇ) | ടെലി മെഡിസിൻ സംവിധാനം വിപുലീകരിക്കുന്നതിനും ശക്തി പ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഇ) | വിശദാംശം ആനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

ആശുപത്രി സംവിധാനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതി ആണ് 'ഇ - ഹെൽത്ത് '. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, "ഒരു പൗരന് ഒരു Electronic Health Record [EHR]"എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളെയും Computer Network മുഖേന ബന്ധപ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അടിസ്ഥാനമാക്കി ഒരു UHID നൽകുന്നു. ഇ ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനിക്കൽ ഡീറ്റെയിൽസ്) ഡോക്ടർക്ക് ഓൺലൈനായി ലഭ്യമാകുന്നു.

രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒപി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായിതീരുന്നു

ഒപി ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സറേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാ നത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു.

ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ഫാർമസികളിലും, ലാബറട്ടറികളിലും എക്സറേ കൗണ്ടറിലും ഓൺലൈനായി എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽ സമയം ലഭ്യമാകുന്നു.

വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർ ചികിത്സകൾക്കു വേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സ സംഗ്രഹം ഓൺലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർ ചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു.

രോഗികൾക്കു തങ്ങളുടെ ചികിത്സാസംബന്ധിയായ രേഖകൾ കൊണ്ടു നടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. ക്യൂ മാനേജ്മെന്റ് സിസ്റ്റം, ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും ഓപിയിലെ തിരക്ക് നിയന്ത്രിക്കാൻ സാധ്യമാക്കിയിട്ടുണ്ട്. ഇ ഹെൽത്ത് പദ്ധതി വികസിപ്പിച്ചെടുത്ത ടെലി മെഡിസിൻസ് സംവിധാനം മുഖേന രോഗികൾക്ക് വീട്ടിലിരിന്നു തന്നെ ചികിത്സ തേടാൻ കഴിയുന്നു. സാക്രമിക രോഗങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുവാനും ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്താനും പകർച്ച വ്യാധികളുടെയും ജീവിതശൈലി രോഗങ്ങളുടെയും നിയന്ത്രണവും മാരക രോഗങ്ങളുടെ യഥാ സമയ രോഗ നിർണ്ണയവും ഈ സംവിധാനത്തിലൂടെ സാധ്യമാകുന്നുണ്ട്

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

### Paperless Institutions

| Sl No | Hospital Type | Place | District |
|---|---|---|---|
| 1 | 24X7 PHC | Eroor | EKM |
| 2 | 24X7 PHC | Karumalloor | EKM |
| 3 | PHC | Kottapady | EKM |
| 4 | 24X7 PHC | Kanchiyar | IDK |
| 5 | 24X7 PHC | Vattavada | IDK |
| 6 | CHC | Elamdesam | IDK |
| 7 | PHC | Karimkunnam | IDK |
| 8 | PHC | Konnathady | IDK |
| 9 | PHC | Peruvanthanam | IDK |
| 10 | PHC | Mariyapuram | IDK |
| 11 | PHC | Udumbanchola | IDK |
| 12 | 24X7 PHC | Puthupady | KKD |
| 13 | 24X7 PHC | Ramanattukara | KKD |
| 14 | PHC | Arikulam | KKD |
| 15 | PHC | Ayanchery | KKD |
| 16 | PHC | Koattakkal Iringal | KKD |
| 17 | PHC | Vadakara | KKD |
| 18 | PHC | Maruthonkara | KKD |
| 19 | PHC | Moodadi | KKD |
| 20 | PHC | Panangad | KKD |
| 21 | PHC | Meppayur | KKD |
| 22 | PHC | Chaliyum | KKD |
| 23 | 24X7 PHC | Perumon | KLM |
| 24 | PHC | Chavara | KLM |

| | | | |
|---|---|---|---|
| 25 | PHC | Chathanoor | KLM |
| 26 | PHC | K.S.Puram | KLM |
| 27 | PHC | Kottamkara (Elampallur) | KLM |
| 28 | PHC | S.N.Puram | KLM |
| 29 | PHC | Thenmala | KLM |
| 30 | PHC | Ummannoor | KLM |
| 31 | PHC | Veliyam | KLM |
| 32 | PHC | Thekkum Bhagom | KLM |
| 33 | 24X7 PHC | Ennappara | KSG |
| 34 | 24X7 PHC | Kayyur | KSG |
| 35 | 24X7 PHC | Uduma | KSG |
| 36 | PHC | Karinthalam | KSG |
| 37 | PHC | Mogral Puthur | KSG |
| 38 | PHC | Mulleria | KSG |
| 39 | PHC | Chattanchal | KSG |
| 40 | PHC | Kuruppanthara | KTM |
| 41 | PHC | Maravanthuruthu | KTM |
| 42 | 24X7 PHC | Athanikkal | MLP |
| 43 | 24X7 PHC | Edayur | MLP |
| 44 | 24X7 PHC | Pandikkad | MLP |
| 45 | 24X7 PHC | Pang | MLP |
| 46 | 24X7 PHC | Thazhekkode | MLP |
| 47 | 24X7 PHC | Thirunavaya | MLP |
| 48 | 24X7 PHC | Vazhikkadavu | MLP |
| 49 | PHC | A.R Nagar (Kunnumpuram) | MLP |
| 50 | PHC | Parappanangadi | MLP |
| 51 | PHC | Ponmala | MLP |
| 52 | PHC | Pulikkal | MLP |
| 53 | PHC | Alancode | MLP |

| | | | |
|---|---|---|---|
| 54 | PHC | Vattamkulam | MLP |
| 55 | 24x7 PHC | Vazhakkad | MLP |
| 56 | 24X7 PHC | Pudur | PKD |
| 57 | PHC | Mankara | PKD |
| 58 | PHC | Nellaya | PKD |
| 59 | PHC | Vandazhi | PKD |
| 60 | 24X7 PHC | Chenneerkara | PTM |
| 61 | 24X7 PHC | Pandalam | PTM |
| 62 | 24X7 PHC | Thannithodu | PTM |
| 63 | PHC | Kottangal | PTM |
| 64 | PHC | Othera | PTM |
| 65 | PHC | Pallickal | PTM |
| 66 | PHC | Vadasserykkara | PTM |
| 67 | CHC | Venpakal | TVM |
| 68 | 24X7 PHC | Kunnathukal | TVM |
| 69 | PHC | Chenkal | TVM |
| 70 | PHC | Kallikad (new) | TVM |
| 71 | PHC | Kulathur | TVM |
| 72 | PHC | Mukkola (Vizhinjam New) | TVM |
| 73 | PHC | Vellayani | TVM |
| 74 | 24X7 PHC | Appapara | WND |
| 75 | 24X7 PHC | Poothady | WND |
| 76 | PHC | Vengapally | WND |

സെക്ഷൻ ഓഫീസർ

## അനുബന്ധം – III

ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാർ പൊതുജനങ്ങൾക്കായി ആരംഭിച്ച പദ്ധതിയാണ് ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം C-DAC മൊഹാലിയാണ് ഈ പ്ലാറ്റ്ഫോം നിർമിച്ചിരിക്കുന്നത്. 2020 ജൂൺ 10 ന് ഇ-സഞ്ജീവിനി ടെലി മെഡിസിൻ സേവനങ്ങൾ കേരളത്തിൽ ആരംഭിച്ചു കേന്ദ്രീകൃതമായ രീതിയിലാണ് സേവനങ്ങൾ നൽകി വരുന്നത്, കൂടാതെ സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ദിശയാണ്. പ്ലാറ്റ്ഫോമിൽ സേവനങ്ങൾ നൽകുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 4177 ഡോക്ടർ ഇ-സഞ്ജീവിനിയിൽ സേവനങ്ങൾ നൽകി വരുന്നു. എന്നാൽ ലോക്ക്ഡൗൺ സമയത്തും കോവിഡ് വ്യാപന സമയത്തും ദിവസേന 2000 കൂടുതൽ പരിശോധനകളാണ് നടന്നത്. 01 നവംബർ 2021 വരെ 283500 കൺസകൾട്ടേഷനുകളാണ് ഇ-സഞ്ജീവനിയിലൂടെ പൂർത്തിയാക്കിയത്. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ പ്രതിദിനം ശരാശരി 500-800 ആളുകൾക്ക് ഇ-സഞ്ജീവിനി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നു. 6 മിനിറ്റ് 15 സെക്കന്റ് സമയമാണ് ഒരു പരിശോധനക്കായി മാത്രം ശരാശരി ചെലവിടുന്നത്. കാത്തിരുപ്പ് സമയം 4 മിനിട്ട് 43 സെക്കന്റായി കുറക്കാൻ ഇ-സഞ്ജീവനിയിൽ ഒരുക്കിയ പുതിയ സംവിധാനം സഹായിച്ചു. സാങ്കേതിക തികവുകൊണ്ടും അതോടൊപ്പം പ്രവർത്തന മികവുകൊണ്ടും ഇ-സഞ്ജീവനിയിൽ വലിയ മാറ്റമാണ് വരുത്തിയിരിക്കുന്നത്.

നിലവിൽ ടെലിമെഡിസിൻ വഴിയുള്ള ഇ-പ്രിസ്ക്രിപ്ഷനും ലാബ് അന്വേഷണവും ഒത്തുചേർന്ന് പോകുന്നു. ടെലിമെഡിസിൻ പ്ലാറ്റ്ഫോം വഴി കൺസൾട്ടേഷന് വിധേയരായ രോഗികൾക്ക് ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ നിന്ന് മരുന്ന് നേടാം, കൂടാതെ ഇ-കുറിപ്പടി അല്ലെങ്കിൽ ഇ-അഭ്യർത്ഥനയുമായി വരുന്നുണ്ടെങ്കിൽ ലാബ് അന്വേഷണവുംനടത്താം. ഇ-സഞ്ജീവനി പ്ലാറ്റ്ഫോം വഴി തടസ്സരഹിതമായ സേവനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ഡോക്ടർമാരിൽ നിന്നും സ്ഥാപന മേധാവികളിൽ നിന്നും സമ്മതം വാങ്ങിയ ശേഷം, ഓരോ ഷിഫ്റ്റിലും 90 ൽ അധികം ഡോക്ടർമാർക്ക് ഓരോ ദിവസവും ഡ്യൂട്ടി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുമല്ല ഡോക്ടർമാരും ഇ-സഞ്ജീവനി പ്ലാറ്റ്ഫോം വഴി സേവനം നൽകുന്നു.

ആരോഗ്യ വകുപ്പിലെ വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകുന്ന സ്പെഷ്യാലിറ്റി ഒപികൾ വിവിധ ജില്ലകളിൽ നിന്നും ആരംഭിച്ചിട്ടുമുണ്ട്. സൈക്യാട്രി, ശിശുരോഗവിഭാഗം, ഹൃദ്രോഗവിഭാഗം, ഗൈനക്കോളജി തുടങ്ങിയ സ്പെഷ്യാലിറ്റി ഒപി സേവനങ്ങൾ ഇത്തരത്തിൽ നൽകുന്നുണ്ട്. എംസിസി തലശേരി, ആർസിസി തിരുവനന്തപുരം, കൊച്ചിൻ കാൻസർ സെന്റർ, ഇംഹാൻസ് കോഴിക്കോട്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിക്സ് തിരുവനന്തപുരം തുടങ്ങിയ കേരളത്തിലെ പ്രശസ്തങ്ങളായ വിവിധ പൊതുമേഖല ആരോഗ്യ സ്ഥാപനങ്ങൾ ഇ-സഞ്ജീവനി വഴി ഒപികൾ നൽകുന്നുണ്ട്.

കുഞ്ഞുങ്ങളിൽ ഉണ്ടാകുന്ന വൈകല്യങ്ങളും അതുമായി ബന്ധപ്പെട്ട ചികിത്സയെക്കുറിച്ചും തുടർ ചികിത്സയെക്കുറിച്ചും കൂടാതെ വളർച്ച മുരടിപ്പും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ഓൺലൈൻ വഴി പരിഹാരം തേടാൻ കഴിയുന്ന ഡി.ഇ.ഐ.സി. ഒ.പി, കൗമാരക്കാരുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും സേവനം തേടാവുന്ന കൗമാര ക്ലിനിക്ക്, സർക്കാർ മേഖലയിലെ സ്പെഷ്യാലിറ്റി ഡോക്ടർമാർ നേതൃത്വം നൽകുന്ന ഒപി യിലെ സേവനങ്ങൾ എന്നിവ വളരെയേറെ പ്രയോജനപ്രദമാണ്. ജില്ലകളിലെ അഡോളസന്റ് ക്ലിനിക്കിലെ കൗൺസിലർമാരും കൂടി ചേർന്നാണ് കൌൺസിലിങ്ങ് സേവനങ്ങൾ നൽകുന്നത്.

ഇ-സഞ്ജീവനി സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ ഫീൽഡ് തല ആരോഗ്യപ്രവർത്തകർ വഴിയും വോളന്റിയർമാർ വഴിയും ജനങ്ങളിൽ കൂടുതലായി എത്തുന്നതിനു വേണ്ട പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്.. ഇ-സഞ്ജീവനി സേവനങ്ങൾ ഓരോ വ്യക്തിക്കും എങ്ങനെ ലഭ്യമാകുമെന്നും അതോടൊപ്പം അതെങ്ങനെ ഉപയോഗിക്കാമെന്നുമുള്ള നിർദ്ദേശങ്ങൾ ഭവന സന്ദർശന വേളകളിൽ ആരോഗ്യപ്രവർത്തകർ ഭവനങ്ങളിലെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് നൽകുന്നതായിരിക്കും. ഇതുകൂടാതെ Emergency Covid Response Package-II പദ്ധതി പ്രകാരം ഡോക്ടർ ടു ഡോക്ടർ കൺസൽട്ടേഷൻ തുടങ്ങാനായി ജില്ലകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും അതിനുവേണ്ട ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ